**<u>15 -ാം കേരള നിയമസഭ</u>**

**<u>1 -ാം സമ്മേളനം</u>**

**<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 977</u>** **<u>10-06-2021 - ൽ മറുപടിയ്ക്ക്</u>**

**<u>പ്രളയ ദുരിതാശ്വാസ ഫണ്ട്</u>**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി . ഉബൈദുള്ള ,<br>പ്രൊഫ . ആബിദ് ഹുസൈൻ തങ്ങൾ ,<br>ശ്രീ. നജീബ് കാന്തപുരം,<br>ശ്രീ. അബ്ദുൽ ഹമീദ് മാസ്റ്റർ** | | **Shri. K. Rajan<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി)** | |
| (എ) | എറണാകുളം ജില്ലയിലെ പ്രളയ ദുരിതാശ്വാസ ഫണ്ടിൽ നിന്നും 80 ലക്ഷത്തോളം രൂപ തട്ടിയെടുത്ത സംഭവത്തിൽ റവന്യൂ വകുപ്പ് അന്വേഷണം നടത്തിയിട്ടുണ്ടോ എന്നറിയിക്കുമോ ; | (എ) | എറണാകുളം ജില്ലയിലെ പ്രളയ ദുരിതാശ്വാസ തുക വിതരണത്തിൽ ക്രമക്കേട് നടത്തിയ വിവരം അറിവായതിനെ തുടർന്ന് കളക്ടറേറ്റ് ഫിനാൻസ് ഓഫീസറുടെ നേതൃത്വത്തിൽ ഒരു അന്വേഷണ സംഘത്തെ ജില്ലാ കളക്ടർ നിയമിച്ചിരുന്നതും അന്വേഷണ റിപ്പോർട്ട് ലാൻഡ് റവന്യൂ കമ്മീഷണർക്ക് സമർപ്പിച്ചിട്ടുള്ളതുമാണ്. കൂടാതെ പ്രളയ ദുരിതാശ്വാസ വിതരണത്തിലെ ക്രമക്കേട് വിശദമായി അന്വേഷിക്കുന്നതിന് ജോയിന്റ് ലാൻഡ് റവന്യൂ കമ്മീഷണറെ ചുമതലപ്പെടുത്തി ഉത്തരവായിട്ടുള്ളതും അന്വേഷണം നടത്തിയിട്ടുള്ളതുമാണ്. |
| (ബി) | ഇതിൽ കുറ്റക്കാരായവർക്കെതിരെ എന്തു നടപടിയാണ് ഇതിനകം സ്വീകരിച്ചിട്ടുള്ളതെന്നു വെളിപ്പെടുത്തുമോ; | (ബി) | പ്രളയ ദുരിതാശ്വാസ തുക വിതരണത്തിൽ ക്രമക്കേട് നടന്നതായി കണ്ടെത്തിയതിനെ തുടർന്ന് സെക്ഷൻ ക്ലർക്കായിരുന്ന ശ്രീ.വിഷ്ണു പ്രസാദിനെ സേവനത്തിൽ നിന്നും ജില്ലാകളക്ടർ സസ്പെൻഡ് ചെയ്തിട്ടുള്ളതും, ലാൻഡ് റവന്യൂ കമ്മീഷണർ ടിയാനെതിരെ കുറ്റപത്രം നൽകി അച്ചടക്കനടപടി സ്വീകരിച്ചിട്ടുള്ളതുമാണ്. |
| (സി) | പ്രസ്തുത തുക തിരിച്ചുപിടിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ എന്നത് സംബന്ധിച്ച വിശദാംശം അറിയിക്കുമോ ? | (സി) | പ്രളയ ദുരിതാശ്വാസ തുക വിതരണത്തിൽ ക്രമക്കേട് നടന്നതായി കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ പോലീസ് ക്രൈം നം.83/20, ക്രൈം നം.382/20 ആയി കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി വരുന്നു. |

സെക്ഷൻ ഓഫീസർ